**Bishop Stephen Chirappanath**
*Apostolic Visitator*
*for*
*The Syro-Malabar Faithful in Europe*
DOMUS MAR THOMA
Via degli Estensi, 137 – 00164 ROMA, ITALIA

Prot. No. 14/2021

**വി. യൗസേപ്പിതാവിന്റെ വർഷത്തിൽ**

**യൂറോപ്പിലെ സീറോമലബാർ വിശ്വാസികൾക്കായി നൽകുന്ന സർക്കുലർ**

മിശിഹായിൽ പ്രിയ വൈദികരെ, സന്യസ്തരെ, സഹോദരീസഹോദരന്മാരെ,

ഭാഗ്യസ്മരണാർഹനായ 9-ാം പീയൂസ് പാപ്പ 150 വർഷം മുമ്പ് യൗസേപ്പിതാവിനെ തിരുസ്സഭയുടെ മദ്ധ്യസ്ഥനായി. പ്രഖ്യാപിച്ചതിന്റെ ഓർമ്മയ്ക്കായി പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പ *Patris Corde* (With a Father's Heart) എന്ന പേരിൽ ഒരു അപ്പ സ്തോലിക പ്രബോധനം പുറത്തിറക്കി. ഈ പ്രബോധനമനുസരിച്ച് 2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെ കത്തോലിക്കാസഭയിൽ വി. യൗസേപ്പിതാവിന്റെ വർഷ മായി പ്രഖ്യാപിച്ചിരിക്കുകയാണ്. ആഗോളകത്തോലിക്കാ സഭയിൽ വി. യൗസേപ്പിനോ ടുള്ള വണക്കം വർദ്ധിക്കുന്നതിനുവേണ്ടിയാണ് ഈ വർഷം പ്രത്യേകമായി മാറ്റിവച്ചിരി ക്കുന്നത്. ആർദ്രസ്നേഹത്തിന്റെയും അനുസരണത്തിന്റെയും അദ്ധ്വാനത്തിന്റേയും ദൈവേഷ്ടം ധീരതയോടെ നിറവേറ്റുന്നതിന്റേയും സാക്ഷ്യമായ വി. യൗസേപ്പിതാവിന്റെ നന്മകൾ പഠിക്കാനും ധ്യാനിക്കാനും ജീവിതത്തിൽ പകർത്താനും പരിശുദ്ധപിതാവ് ഈ പ്രബോധനത്തിലൂടെ ആഹ്വാനം ചെയ്യുകയാണ്.

വി. ഗ്രന്ഥത്തിൽ വളരെക്കുറച്ചുമാത്രമേ വി. യൗസേപ്പിതാവിനെക്കുറിച്ച് പ്രതിപാദി ച്ചിട്ടുള്ളൂ. പുതിയനിയമത്തിന്റെ ഒന്നാമത്തെ അദ്ധ്യായത്തിലാണ് വി. യൗസേപ്പിതാവ് ആദ്യ മായി പ്രത്യക്ഷപ്പെടുന്നത്. "അവളുടെ ഭർത്താവായ ജോസഫ് നീതിമാനാകയാലും അവളെ അവമാനിതയാക്കാൻ ഇഷ്ടപ്പെടായ്കയാലും അവളെ രഹസ്യമായി ഉപേക്ഷിക്കാൻ തീരു മാനിച്ചു" (മത്തായി 1:19). വി. യൗസേപ്പിതാവ് നീതിമാനായിരുന്നു എന്നതാണ് വി. ഗ്രന്ഥം യൗസേപ്പിതാവിന് നൽകുന്ന വിശേഷണം. അപ്പസ്തോലിക പ്രബോധനത്തിന്റെ 7 ഭാഗ ങ്ങളിലായി പാപ്പ വി. യൗസേപ്പിതാവിന്റെ മറ്റു ഗുണകണങ്ങളെ എടുത്തു പറയുന്നുണ്ട്: വത്സലപിതാവ്, ആദ്രതയുള്ള സ്നേഹപിതാവ്, അനുസരണയുള്ള പിതാവ്, ദൈവേഷ്ടം സ്വീകരിക്കുന്ന പിതാവ്, ധീരതയുള്ള പിതാവ്, അദ്ധ്വാനത്തിന്റെ പിതാവ്, അവസാനമായി, ആരാലും അറിയപ്പെടാൻ ആഗ്രഹിക്കാത്ത പിതാവ്.

കത്തോലിക്കാസഭയുടെ പാരമ്പര്യത്തിലും ഭക്തിയിലും അധികം അറിയപ്പെട്ടിട്ടില്ലെ ങ്കിലും വണക്കമാസപുസ്തകങ്ങളിൽ ധാരാളം വിശേഷണങ്ങൾ വി. യൗസേപ്പിതാവിനെ



E-mail: apvisitsmfeurope@gmail.com • stephenchirapanath@gmail.com
Tel. 06 83957822 – Mob.: 3663124882

ക്കുറിച്ച് പറയുന്നുണ്ട്. തിരുക്കുടുംബത്തിന്റെ നാഥൻ, കന്യകകളുടെ കാവൽക്കാരൻ, മരണാവസ്ഥയിൽ ഇരിക്കുന്നവരുടെ മദ്ധ്യസ്ഥൻ, പിശാചുക്കളുടെ പരിഭ്രമം, തിരുസ്സഭയുടെ പാലകൻ, കുടുംബജീവിതക്കാരുടെ മദ്ധ്യസ്ഥൻ, വിശ്വസ്തൻ, വിവേകി അങ്ങിനെ നീണ്ട പട്ടികതന്നെയുണ്ട്. ആരാലും അധികം അറിയപ്പെടാതെ, തന്നെ ദൈവം ഏല്പിച്ച ഉത്തരവാദിത്വങ്ങൾ ഏറ്റവും നന്നായി നിർവ്വഹിച്ച വ്യക്തിയാണ് വി. യൗസേപ്പിതാവ്. കന്യകയായ മറിയത്തിന് ഒരു പുരുഷായുസ്സു മുഴുവൻ കാവലാളായി നിന്ന് ദൈവപുത്രനായ യേശുവിന്റെ വളർത്തുപിതാവായി ജീവിച്ച വിശുദ്ധ യൗസേപ്പിതാവിന്റെ ധന്യമായ ജീവിതമാതൃക ഏറെ അനുകരണീയമാണ്; എല്ലാ ജീവിതാന്തസ്സിലുള്ളവർക്കും മാതൃകയാണ്.

പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പയ്ക്ക് വി. യൗസേപ്പിതാവിനോട് പ്രത്യേകമായ ഭക്തിയുണ്ട്. ഉറങ്ങുന്ന വി. യൗസേപ്പിതാവിന്റെ രൂപവും പ്രാർത്ഥനകളെഴുതി ആ രൂപത്തോട് പ്രാർത്ഥിക്കുന്ന ഭക്തിയും നമ്മുടെ ഇടയിൽ പ്രചരിക്കാൻ കാരണമായത് ഫ്രാൻസിസ് മാർപാപ്പയാണ്. പുതിയ അപ്പസ്തോലിക പ്രബോധനത്തിൽ 'കുടിയേറ്റക്കാരുടെ സംരക്ഷകൻ' എന്ന വിശേഷണം വി. യൗസേപ്പിതാവിന് പാപ്പ കൂട്ടിച്ചേർത്തിട്ടുണ്ട്. ഭാരതത്തിൽനിന്നും പ്രത്യേകിച്ച സീറോമലബാർ സഭയിൽനിന്നും യൂറോപ്പിന്റെ വിവിധ സ്ഥലങ്ങളിൽ കുടിയേറിപ്പാർത്ത നമ്മെ സംബന്ധിച്ച് യൗസേപ്പിതാവിന്റെ വിശേഷണം എറെ പ്രസക്തമാണ്.

വി. യൗസേപ്പിതാവിന്റെ ഈ വർഷത്തിൽ നമ്മുടെ ഇടവകസമൂഹത്തിൽ ചെയ്യാവുന്ന ഏതാനും കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

1) എല്ലാ ദേവാലയങ്ങളിലും ഭവനങ്ങളിലും വി. യൗസേപ്പിതാവിന്റെ പ്രതിമയോ പടമോ ഈ വർഷം പ്രത്യേകം പ്രാർത്ഥനയ്ക്കായി തയ്യാറാക്കുക.

2) ഏറ്റവും അടുത്ത ഒരു ദിവസം എല്ലാ സമൂഹങ്ങളിലും വി. യൗസേപ്പിതാവിന്റെ വർഷം ഉചിതമായി ഉദ്ഘാടനം ചെയ്യുക.

3) മാർച്ച് മാസത്തിൽ നമ്മുടെ വീടുകളിൽ യൗസേപ്പിതാവിന്റെ വണക്കമാസം ചൊല്ലുക.

4) വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൽ ദിവസമായ മാർച്ച് 19 അല്ലെങ്കിൽ തൊഴിലാളിമദ്ധ്യസ്ഥദിനമായ മെയ് 1 ന് വി. യൗസേപ്പിതാവിന്റെ തിരുനാൾ ആചരിക്കുക.

5) വി. യൗസേപ്പിതാവിന്റെ ഒരു പ്രാർത്ഥന തയ്യാറാക്കി എല്ലാ വീടുകളിലും ജപമാലയോടുചേർന്ന് ചൊല്ലാൻ പ്രോത്സാഹിപ്പിക്കുക.

SYRO-MALABAR AP. VISITATOR EUROPE



E-mail: apvisitsmfeurope@gmail.com • stephenchirapanath@gmail.com
Tel. 06 83957822 – Mob.: 3663124882

**Bishop Stephen Chirappanath**
*Apostolic Visitator*
*for*
*The Syro-Malabar Faithful in Europe*
DOMUS MAR THOMA
Via degli Estensi, 137 – 00164 ROMA, ITALIA

6) ജോസഫ് നാമധാരികളുടെ സംഗമം ഇടവകസമൂഹത്തിൽ നടത്തുക.

7) വി. യൗസേപ്പിതാവിനെ ആസ്പദമാക്കി വിവിധ ഗ്രൂപ്പുകൾക്കിടയിൽ (കുട്ടികൾ, യുവതീയുവാക്കൾ, മുതിർന്നവർ) പ്രസംഗമത്സരം, ക്വിസ് മത്സരം എന്നിവ സംഘടിപ്പിക്കുക.

8) കുടുംബനാഥന്മാരെ ആദരിക്കുക, അവർക്ക് പ്രവർത്തിക്കാവുന്ന പിതൃവേദി പോലുള്ള സംഘടനകൾ രൂപീകരിക്കുക.

വിശുദ്ധ യൗസേപ്പിതാവിനോട് പ്രാർത്ഥിക്കാനും, യൗസേപ്പിതാവിനെക്കുറിച്ച് കൂടുതൽ പഠിക്കാനും സഹായിക്കുന്ന മറ്റു കാര്യങ്ങളും കണ്ടെത്തി ഇടവകസമൂഹങ്ങളിൽ നടപ്പിലാക്കുന്നത് നല്ലതാണെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഈജിപ്തിൽ ക്ഷാമമുണ്ടായപ്പോൾ ഫറവോ ജനങ്ങളോടു പറഞ്ഞു: "നിങ്ങൾ ജോസഫിന്റെ അടുത്തേക്ക് പോകുക" (ഉൽപ്പത്തി 41:55). നമ്മുടെ ജീവിതപ്രതിസന്ധികളിൽ വി. യൗസേപ്പിതാവിന്റെ അരികിലേക്ക് പോകാനും ആ വിശുദ്ധന്റെ മാദ്ധ്യസ്ഥം അപേക്ഷിക്കാനുമായി പരിശുദ്ധപിതാവ് നിർദ്ദേശിച്ചിരിക്കുന്ന ഈ വർഷത്തിൽ പ്രവാസികളുടെ സംരക്ഷകനും തിരുക്കുടുംബത്തിന്റെ പാലകനുമായ വിശുദ്ധന്റെ മാദ്ധ്യസ്ഥം പ്രവാസികളായ നിങ്ങളുടെ കുടുംബജീവിതങ്ങളിൽ ആശംസിച്ചുകൊണ്ട്,

സ്നേഹാശംസകളോടെ, നിങ്ങളുടെ വത്സലപിതാവ്,

SYRO-MALABAR AP. VISITATOR EUROPE

+മാർ സ്റ്റീഫൻ ചിറപ്പണത്ത്

യൂറോപ്പിന്റെ സീറോമലബാർ അപ്പസ്തോലിക് വിസിറ്റേറ്റർ



E-mail: apvisitsmfeurope@gmail.com • stephenchirapanath@gmail.com
Tel. 06 83957822 – Mob.: 3663124882